**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4121 20.3.2018-ൽ മറുപടിയ്ക്ക്**

## അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.വി.എസ്.സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര തസ്തികകളാണ് ആകെയുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | 15 തസ്തികകളാണ് ഉള്ളത്. |
| ബി) | പൂക്കോട് വെറ്ററിനറി കോളേജ്, മണ്ണുത്തി വെറ്ററിനറി കോളേജ്, പൂക്കോട് ഇൻസ്ട്രക്ഷണൽ ഫാം കോംപ്ലക്സ്, മണ്ണുത്തി ഇൻസ്ട്രക്ഷണൽ ഫാം കോംപ്ലക്സ്, സ്കൂൾ ഓഫ് അപ്ലൈഡ് അനിമൽ പ്രൊഡക്ഷൻ ആന്റ് ബയോടെക്നോളജി എന്നീ ഓരോ സ്ഥാപനങ്ങളിലും അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഈ തസ്തികയിൽ ഓരോ സ്ഥാപനങ്ങളിലും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും അറിയിക്കാമോ; | ബി) &സി) | പൂക്കോട് വെറ്ററിനറി കോളേജിൽ 6 അസിസ്റ്റന്റ് പ്രൊഫസർമാരും, മണ്ണുത്തി വെറ്ററിനറി കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും നിലവിലുണ്ട്. സർവ്വകലാശാല പൂക്കോട് /മണ്ണുത്തി കോളേജുകളോടനുബന്ധിച്ചുള്ള മറ്റ് ഫാമുകളിലെ അദ്ധ്യാപക തസ്തികകൾ കോളേജുകളിലെ തസ്തികകളിൽ ഉൾപ്പെടുത്തിയാണ് കണക്കാക്കിയിട്ടുള്ളത്. പൂക്കോട്/മണ്ണുത്തിയിലെ കോളേജിതര സ്ഥാപനങ്ങളിൽ അന്തിമമായി അംഗീകരിച്ച അദ്ധ്യാപക തസ്തികകൾ പ്രത്യേകം നിലവിലില്ലാത്തതിനാൽ ഈ സ്ഥാപനങ്ങളിൽ ഒഴിവുകളൊന്നും തന്നെ ഇല്ല. |
| സി) | ഈ ഒഴിവുകൾ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; 2017 നവംബർ 24-ാം തീയതിയിലെ | | |

| | | | |
|---|---|---|---|
| | അൻപത്തിനാലാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനപ്രകാരം നിലവിലുള്ള എല്ലാ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളും റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| ഡി) | മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ള ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | ഡി) | അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് 2014 ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ആനിമൽ ബ്രീഡിംഗ് & ജനറ്റിക്സ് വിഭാഗത്തിലെ 7 ഒഴിവുകളിലും റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതിനു പുറമെ സർവ്വകലാശാലയുടെ ഭരണസമിതി തീരുമാനപ്രകാരം സർവ്വകലാശാലയുടെ തിരുവിഴാംകുന്ന്, തുമ്പൂർമുഴി എന്നീ സ്ഥലങ്ങളിലെ ഫാമുകളിലേക്ക് ആനിമൽ ബ്രീഡിംഗ് & ജനറ്റിക്സ് വിഭാഗത്തിൽപ്പെടുന്ന രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം നിയമിച്ചിട്ടുണ്ട്. |
| ഇ) | ഈ തസ്തികയിൽ ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിനാൽ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്ന ആക്ഷേപമുള്ളതിനാൽ ഇതു സംബന്ധിച്ച് അന്വേഷിക്കുവാനും നിലവിലുള്ള ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഇ) | നിലവിൽ ഒഴിവില്ല |

സെക്ഷൻ ഓഫീസർ